**<u>15 -ാം കേരള നിയമസഭ</u>**

**<u>8 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5055</u>** **<u>14-03-2023 - ൽ മറുപടിയ്ക്ക്</u>**

**<u>എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ തെറ്റ്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ തെറ്റ് തിരുത്തുന്നതിന് പതിനഞ്ച് വർഷം മുമ്പ് പരീക്ഷ എഴുതിയവർക്ക് വിദ്യാഭ്യാസ മന്ത്രിയുടെ നിരാക്ഷേപ പത്രം വേണമെന്നിരിക്കെ ആയതിന് അപേക്ഷ നൽകിയാൽ എത്ര ദിവസം കൊണ്ട് അനുവദിക്കുന്നുണ്ടെന്ന് വിശദമാക്കാമോ; | (എ) | എസ് എസ് എൽ സി സർട്ടിഫിക്കറ്റിലെ തെറ്റ് തിരുത്തുന്നതിന് പതിനഞ്ച് വർഷം മുമ്പ് പരീക്ഷ എഴുതിയവർക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ കാലതാമസം മാപ്പാക്കിയുള്ള അനുമതി (Delay Condonation Order) ലഭിക്കുന്നതിനുള്ള അപേക്ഷയിൽ മതിയായ രേഖകൾ ഉണ്ടെങ്കിൽ മുൻഗണനാക്രമത്തിൽ സെക്കന്ററി സ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റിൽ ജനനത്തീയതി തിരുത്തുന്നതിന് പരീക്ഷാകമ്മീഷണർക്ക് അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നുണ്ട്. മതിയായ വിവരങ്ങൾ, രേഖകൾ (എസ് എസ് എൽ സി സർട്ടിഫിക്കറ്റിന്റെയും ജനനസർട്ടിഫിക്കറ്റിന്റെയും പകർപ്പ്) അപേക്ഷയോടൊപ്പം ഹാജരാക്കാത്തപക്ഷം ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കാൻ നിർദ്ദേശിച്ചുകൊണ്ട് അപേക്ഷകർക്ക് കത്ത് നല്കുന്നുണ്ട്. മതിയായ രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് കാലതാമസം മാപ്പാക്കിയുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത നിരാക്ഷേപ പത്രം അനുവദിക്കുന്നതിനുള്ള സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | എസ് എസ് എൽ സി സർട്ടിഫിക്കറ്റിൽ ജനനത്തീയതി തിരുത്തൽ വരുത്തുന്നതിന് പരീക്ഷാകമ്മീഷണർക്ക് അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കിക്കൊണ്ട് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് സമയപരിധി നിശ്ചയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ